# കൊടും വഞ്ചനയുടെ മറെറാരു അദ്ധ്യായം

## പ്രജാപതിയെ യേശുവായി ചിത്രീകരിക്കുന്നത് ഈ നൂററാണ്ടിലെ ഏററവും നിന്ദ്യമായ ക്രിസ്ത്യൻ കൊടും വഞ്ചന!

ഭാരതത്തിൽ പ്രവർത്തിക്കുന്ന സ്വദേശികളും വിദേശികളുമായ പാതിരിപ്പടകൾ പ്രയോഗിക്കാവുന്ന എല്ലാ നീച മാർഗ്ഗങ്ങളിലൂടെയും കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിലായി ഹിന്ദുവിനെ മതപരിവർത്തനം ചെയ്യുവാൻ പ്രയോഗിച്ച പന്ഥാവുകൾ പതറിയപ്പോൾ കണ്ടുപിടിച്ച ഏററവും പുതിയ ക്രൂര പ്രവർത്തിയത്രെ, യേശുവിനെ പ്രജാപതിയായി ചിത്രീകരിക്കൽ. ഭാരതീയ സംസ്കൃതിയുടെ ആധാരഗ്രന്ഥങ്ങളിൽ നിന്നും വരികൾ വികൃതമായി ഉദ്ധരിച്ച് അതിനോടൊപ്പം ബൈബിൾ വരികൾ ചേർത്ത് വ്യാഖ്യാനം നൽകുക. വേദ-പുരാണ-ഇതിഹാസ വരികൾ വികൃതമായി എഴുതിപിടിപ്പിച്ച് ഇല്ലാത്ത റഫറൻസ് നൽകുക. ഹൈന്ദവ ഈശ്വരനാമങ്ങളെല്ലാം യേശുവിനെയാണ് വിവരിക്കുന്നതെന്ന് വ്യാഖ്യാനിക്കുക. ഡോ. ജോസഫ് പടിഞ്ഞാറെക്കര എഴുതിയ ഇത്തരത്തിലൊരു ദുർവ്യാഖ്യാനത്തിൻെറ ആമുഖ സന്ദേശം ഇതാണ്. ഭാരതത്തിലെ ഹിന്ദുവിനെ മതപരിവർത്തനം ചെയ്യുവാനുളള എളുപ്പമാർഗ്ഗം ഹിന്ദുവിൻെറ വേദേതിഹാസങ്ങളായ ആത്മീയ ഗ്രന്ഥങ്ങൾ എന്ന തൃമധുരം യേശുവിൻെറ രക്തവും ചേർത്ത് ഹിന്ദുവിന് കൊടുക്കുക. ഈ ദുഷ്ടചെയ്തിയുടെ പരമമായ ഉദാഹരണമാണ് പുരുഷബന്ധമില്ലാതെ, ശാസ്ത്രദൃഷ്ട്യാ അസാദ്ധ്യമായ ഒരു സംഭവത്തിലൂടെ കന്യകയിൽ ജനിച്ചുവെന്ന് പറയുന്ന ക്രിസ്തുവിനെ പ്രജാപതിയായി ദുർവ്യാഖ്യാനം ചെയ്യൽ. ഹൈന്ദവ ഈശ്വര സങ്കൽപ്പത്തിൻെറ ആധാരമായ വിഷ്ണുപ്രജാപതി, ബ്രഹ്മപ്രജാപതി, രുദ്രപ്രജാപതി എന്നിവയോടൊപ്പം 'പ്രജാപതി യാഗം' എന്ന തികച്ചും വികൃതമായ പ്രയോഗം നടത്തി, യേശുവിനെ പ്രജാപതിയാക്കുകയും, കുരിശിലേററി തെമ്മാടികളോടൊപ്പം ആണിയടിച്ച് പ്രാകൃതമായി (കയ്യും കെട്ടിനിന്ന ശിഷ്യന്മാരുടെ മുമ്പിൽ വെച്ച്) കൊന്നതിനെ 'യാഗ'മാക്കിയതിന് നേതൃത്വം നൽകിയത് ഡോ. എബ്രഹാം കോശി, ഡോ. ജോസഫ് പടിഞ്ഞാറേക്കര, ഡോ. തോമസ് മാത്യു, ക്രിസ്ത്യാനിയായ അരവിന്ദാക്ഷമേനോൻ, എന്നീ മലയാളി

digitized by www.haindavam.org

കളും ബീഹാറിയായ ദയാപ്രകാശ് എന്ന ഹിന്ദു സന്യാസിവേഷത്തിൽ നടക്കുന്ന കള്ള ക്രിസ്ത്യാനിയുമാണ്. മിതമായ ഭാഷയിൽ പറഞ്ഞാൽ മതപരിവർത്തനത്തിനായി ആട്ടിൻ തോലിട്ട ക്രൈസ്തവ ചെന്നായ്ക്കൾ ഇറക്കുന്ന പുസ്തകങ്ങളും ലഘുലേഖകളും, ഭാരതീയ ഈശ്വരസങ്കൽപങ്ങളെയാണ് ക്രിസ്തുവിനെപ്പോലെ കുരിശിൽ ആണിയടിച്ച് തൂക്കിയിടുന്നത്. പുതിയ 'ക്രിസ്തു പ്രജാപതി'യുടെ ഇവർ പറയുന്ന വിഷമയമായ ലക്ഷണങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കട്ടെ !

## 1. യാഗപുരുഷൻ ഊനമില്ലാത്തവനാകണം (ഛാ: ഉ 1.6.6.7) യേശു പാപമില്ലാത്തവനായിരുന്നു (2 കൊറി. 5:2 etc)

എല്ലാ യാഗയജ്ഞങ്ങളും സ്വീകരിക്കുന്ന പരമമായ ഈശ്വരചൈതന്യമാണ് ഹിന്ദുവിൻെറ യാഗപുരുഷൻ അഥവാ യജ്ഞപുരുഷൻ. യാഗപുരുഷനെ തന്നെ ബലികൊടുക്കുന്ന സങ്കൽപ്പം അറപ്പുളവാക്കുന്നതാണ്. യാഗപുരുഷൻ ഊനമില്ലാത്തവനാകണം എന്ന ഒരു വരി തന്നെ ഛാന്ദോഗ്യോപനിഷത്തിലില്ല. ബലിമൃഗത്തെയാണ് യേശു പ്രജാപതിയായി സൂചിപ്പിക്കുന്നതെങ്കിൽ, ഒരു കാര്യം വ്യക്തം മനുഷ്യസ്ത്രീയായ കന്യാമറിയത്തിൽ ജനിച്ചത് മൃഗമായിരുന്നു? ബലിമൃഗത്തിന് പാപവും പുണ്യവും ഇല്ല തന്നെ. മൃഗത്തിൻെറ മാംസവും രക്തവും കഴിക്കുന്നത് കൃസ്ത്യൻ പാരമ്പര്യമനുസരിച്ചുള്ള കുർബാനയാണ്

## 2. തലയിൽ കൊടുവള്ളി ചുററണം (ശത. ബ്രാ ) യേശുവിന് മുൾകിരീടമണിയിച്ചു (മത്താ: 27:35)

100 അദ്ധ്യായങ്ങളുള്ള ശതപഥബ്രാഹ്മണത്തിൽ ഇത്തരത്തിലൊരുവരിയില്ല. അതു കൊണ്ടുതന്നെ അതിബൃഹത്തായ ഒരു ഗ്രന്ഥത്തിൻെറ പേരിൽമാത്രം റഫറൻസ് ഒതുക്കി നിറുത്തി, അദ്ധ്യായവും വരിയും ഏതെന്ന് സൂചിപ്പിക്കാത്തത്. പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന (വിശ്വാകാരം, ഗഗനസദൃശം, മേഘവർണ്ണം) പ്രജാപതിയുടെ തലയിൽ കാട്ടുവള്ളി ചുററാൻ ആർക്കാണു സാധിക്കുന്നത്. ആരാച്ചാരൻമാർ, പൂമാലയണിയിക്കുന്നതു പോലെ മുൾക്കിരീടം കന്യാപുത്രൻെറ തലയിൽ അണിയിച്ചതല്ല മറിച്ച് മുള്ളുകൾ നിറഞ്ഞ ഞാങ്ങണ വള്ളികൾ തലയിൽ ചുററിത്തറച്ച് വെക്കുകയായിരുന്നു. ഇവിടെ മത്തായിയെപ്പോലും ദുർവ്യാഖ്യാനം ചെയ്യുന്നു.

digitized by www.haindavam.org

## 3. സ്വന്തം ജനങ്ങൾ തള്ളിപറയണം (ഐത. ബ്രാ. 2:6)
## യേശുവിനെ സ്വന്തക്കാർ തള്ളിപറഞ്ഞു (യോഹ. 19:15)

സാങ്കൽപിക രൂപത്തിലാരാധിക്കുന്ന പ്രജാപതിയെ, ഈശ്വരചൈതന്യത്തിനെ എന്തിനാണാവോ തള്ളിപ്പറണ്ടത് ? ബലി മൃഗമാണ് ഇതെങ്കിൽ മൃഗത്തിന് സ്വന്തക്കാരുണ്ടാകുമോ? മൃഗത്തിനെ തള്ളിപറയുക എന്ന സങ്കൽപവും വ്യർത്ഥം. സർവ്വേശ്വരനായ പ്രജാപതിക്ക് സ്വന്തക്കാരല്ലാത്തവരുണ്ടായിരുന്നില്ല. ഇവിടെ നൽകിയിരിക്കുന്ന റഫറൻസിൽ നിന്നു മാത്രം വിവരങ്ങളെല്ലാം കള്ളമാണെന്ന് മനസിലാക്കുവാൻ സാധിക്കും. ഐതരേയബ്രാഹ്മണത്തിലെ രണ്ടാം കാണ്ഡത്തിൽ അഞ്ച് അദ്ധ്യായങ്ങളെയുള്ളൂ. ഇല്ലാത്ത ആറാമത്തെ അദ്ധ്യായത്തിലേതാണ് മേൽവിവരിച്ച വരി!

## 4. എല്ലുകൾ ഒന്നും ഒടിക്കരുത് (ഐത. ബ്ര. 2:6)
## എല്ലുകൾ ഒടിഞ്ഞില്ല (യോഹ. 19:33:36)

ഐതരേയബ്രാഹ്മണത്തിൽ ഇല്ലാത്ത ആറാം അദ്ധ്യായത്തിനു പരിയാണിതും. പ്രപഞ്ചപുരുഷനായ പ്രജാപതിക്ക് എല്ലുകളില്ല. യാഗമൃഗത്തിന്റെ എല്ലൊടിയാത്തത് എന്ന വരിയുമില്ല പക്ഷെ യാഗമൃഗമാണല്ലോ വിഷയം. മനുഷ്യപുത്രനായ യേശുവിനെ മൃഗമാക്കിയിരിക്കുന്നു. യേശുവിന്റെ എല്ലൊടിയാത്തത് കുരിശിലിട്ടതുകൊണ്ടായിരിക്കാം. പ്രജാപതിക്ക് ഇല്ലത്ത എല്ലുകൾ, ഒടിക്കാൻ ശ്രമിച്ചെങ്കിൽ ഒടിയില്ല എന്നു വ്യക്തമല്ലേ.

## 5. കഷ്ടതകൾ അനുഭവിക്കണം (ഋ.വേ 5:46:1)
## യേശു വളരെ പീഠനങ്ങൾ സഹിച്ചു. (മത്താ: 26:27:)

സർവ്വരും സുഖമനുഭവിക്കണം, ആരോഗ്യമുള്ളവരായിരിക്കണം എന്ന് നിത്യവും സർവ്വേശ്വരനോട് പ്രാർത്ഥിക്കുന്ന ഭാരതീയ ഗ്രന്ഥങ്ങൾ പ്രജാപതിയോ, മററാരെങ്കിലുമോ കഷ്ടതകളനുഭവിക്കണമെന്ന് പറയുകയോ? ഋഗ്വേദത്തിലെ അഞ്ചാം മണ്ഡലത്തിലെ 46-ാം അനുവാകത്തിലെ ഒന്നാം ഋക്ക്, (യേശുവിന് 3500 വർഷങ്ങൾക്കുമുമ്പ് രചിക്കപ്പെട്ടത്) പ്രപഞ്ചത്തിലെ ഈശ്വരചൈതന്യത്തെ സ്തുതിക്കുന്നതാണ്. ഈ വരിയോ 10500 ഋഗ്വേദഋക്കുകളിൽ ഒന്നെങ്കിലും പോലുമോ 'കഷ്ടതകളനുഭവിക്കണം' എന്നു സൂചിപ്പിക്കുന്ന വരിയല്ല. സ്വയം ദൈവമാണെന്ന് പ്രചരിപ്പിച്ച ഏതു മനുഷ്യനും അനുഭവിക്കേണ്ടി വന്നതാണ് യേശുവിനും അനുഭവിക്കേണ്ടിവന്നത്.

digitized by www.haindavam.org

### 6. ബലി മരത്തോട് ചേർത്ത് കെട്ടണം (ശത: ബ്രാ 111.7:3:1 ഋ വേ. 10:90:5) യേശുവിനെ കുരിശിൽ തറച്ചു (യോഹ 19:18)

സർവ്വേശ്വരനായ പ്രപഞ്ച പുരുഷൻെറ ലക്ഷണമാണിതത്രെ !! ബലി മരത്തോട് ചേർത്ത് കെട്ടണം. അപ്പോഴം കുരിശിൽ തറച്ച ലക്ഷണമില്ലായിരുന്നു എങ്കിൽ യേശു സമരാധ്യനാകുമായിരുന്നില്ലേ? ഹിന്ദുവിൻെറ സർവ്വേശ്വരനെ ആരും ബലി മരത്തോട് ചേർത്ത് കെട്ടിയിട്ടില്ല. ശതപഥ ബ്രാഹ്മണത്തിൻെറ മൂന്നാം കാണ്ഡ വിവരിക്കുന്നതാകട്ടെ യജ്ഞങ്ങളുമായി ബന്ധപ്പെട്ട വ്രതങ്ങളെക്കുറിച്ചും യജ്ഞപുരോഹിതന്മാരുടെ ഗുണങ്ങളെക്കുറിച്ചുമാണ്. ബലിമൃഗത്തെക്കുറിച്ച് (അതിൻെറ സാരം വീണ്ടും യേശു മൃഗലക്ഷണമുള്ളവനാണെന്നു തന്നെ) ബലിമരത്തോട് ചേർത്ത് കെട്ടണം എന്ന പ്രയോഗം പോലും ഈ ഗ്രന്ഥങ്ങളിലില്ല. മേൽകൊടുത്തിരിക്കുന്ന ഋ. വേദ റഫറൻസ് വഴിയാകട്ടെ മന്ത്രങ്ങളുടെ ഛന്ദസ്സുകളുടേയും, കുശ പുല്ലുകളുടേയും വിവരണം നൽകുന്നതാണ്. ബലിമർത്തോട് ചേർത്ത് കെട്ടേണ്ട പ്രജാപതിയെക്കുറിച്ചല്ല.

### 7. ശരീരത്തിൽ നിന്നും രക്തം ഒഴുകണം (ബൃ.ഉപ. 3:9:28) യേശുവിൻെറ മുറിവുകളിൽ നിന്നും രക്തം ഒഴുകി (യോഹ. 19:33:34)

മുറിവുകളിൽ നിന്നും രക്തം ഒഴുകിയിട്ടുണ്ടെങ്കിൽ അതെല്ലാം പ്രജാപതിയുടേയും യേശുവിൻെറയും ലക്ഷണമാണോ? സാധാരണ മനുഷ്യരുടെ മുറിവുകളിൽ നിന്നൊഴുകുന്നത് 'രക്തമല്ലാത്തതുകൊണ്ടാണോ' അവർ പ്രജാപതികളാകാത്തത്. ആരുടെയെല്ലാം മുറിവുകളിൽ നിന്നും രക്തം ഒഴുകിയൊ അവരെല്ലാം പ്രജാപതികളാണ്, ഈ ലക്ഷണപ്രകാരം. കേരളത്തിലെ ഒരു കോടിയിൽപരം ക്രിസ്ത്യാനികളിൽ മുറിവുണ്ടായി അതിൽ നിന്നും രക്തം വാർന്നാൽ അവരെല്ലാം പ്രജാപതികളായി ത്തീരുന്നു! ഒരു കോടി ക്രിസ്ത്യൻ പ്രജാപതികൾ അത്ഭുതം! യഥാർത്ഥത്തിൽ ബൃഹദാരണ്യകോപനിഷത്തിലെ മേൽപ്പറഞ്ഞ വരി വിവരിക്കുന്നത് വൃക്ഷം-മനുഷ്യശരീരം എന്നിവയെ യജ്ഞവൽക്യ മഹർഷി താരതമ്യപ്പെടുത്തുകയാണ്. മനുഷ്യാസ്തിപോലെ വൃക്ഷ-കാതൽ വൃക്ഷത്തിൽ വർത്തിക്കുന്നു. മനുഷ്യൻെറ ത്വക്ക് വൃക്ഷത്തിൽ പുടം പോലെയാണ്. മനുഷ്യനി

digitized by www.haindavam.org

ലെ രക്തം പോലെയാണ്, വൃക്ഷങ്ങളിൽ കറ എന്ന വിവരണ ത്തെയാണ് രക്തം ഒഴുകണം എന്നാക്കിയിരിക്കുന്നത്. യേശു പ്രജാപതിയുടെ ലക്ഷണങ്ങളെതെത്തോളം തരം താഴ്ന്നതാണ്!

**8. യാഗമൃഗത്തിന്റെ തോൽ മുറിക്കരുത് (ഐത.ബ്രാ. 2.6) യേശുവിന്റെ വസ്ത്രം കീറാതെ ചീട്ടിട്ട് വിഭാഗിച്ചു (മത്താ:27:36)**

പൂർണ്ണമായും വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഈ ലക്ഷണം തന്നെ ഐതരേയബ്രാഹ്മത്തിലെ ഇല്ലാത്ത 6-ാം അദ്ധ്യായത്തിൽ നി ന്നാണ്. എല്ലൊടിയരുത്, രക്തം ഒഴുകണം. പക്ഷേ തോൽ മുറിയാതെ ഇതെങ്ങനെ സാധിക്കുമെന്നറിഞ്ഞുകൂടാ. യാഗമൃഗ മാണ് ഇതിലെ വിഷയം. ആലക്ഷണപ്രകാരം യേശു മൃഗമാണ് വീണ്ടും വ്യക്തം. യോഹന്നാന്റെ 19:23 വരി പ്രകാരം പടയാ ളികൾ യേശുവിനെ കുരിശിൽ തറച്ചശേഷം അവന്റെ വസ്ത്ര ങ്ങൾ എടുത്ത് ഓരോ പടയാളിക്കും ഓരോ ഭാഗം ലഭിക്കത്തക്ക വണ്ണം നാലായി പങ്കിട്ടു. വസ്ത്രം കീറി എന്നത് ഇത് വ്യക് തമാക്കുന്നു. ഈ ലക്ഷത്തിലെ വൈരുദ്ധ്യം പ്രജാപതിയെ യാഗമൃഗമാക്കി, യാഗമൃഗത്തിനെ യേശുവാക്കി. യാഗമൃഗ ത്തിന്റെ തോലിനെ യേശുവിന്റെ വസ്ത്രത്തിനു തുല്യവു മാക്കി. ഈ ദുർവ്യാഖ്യാതാക്കൾ ബൈബിളിനെ തന്നെ കുരിശി ലേററുന്നു!

**9. ബലികഴിക്കപ്പെട്ടവൻ വീണ്ടും ജീവിക്കണം (ബൃ ഉപ 3:9:28) യേശു ഉയർത്തെഴുന്നേററു (മാർക്കോ. 16:8)**

ലക്ഷണങ്ങളുടെ ചിലഭാഗങ്ങൾ മൃഗത്തിന്റേതായിരുന്നുവല്ലോ! ബൃഹദാരണ്യക ഉപനിഷത്തിലെ ഈ വരികൾ സർവ്വചരാചരങ്ങ ളുടേയും പുനർജനനത്തെക്കുറിച്ച് വിവരിക്കുന്നു. പുനർജന നത്തിൽ തന്നെ വിശ്വാസമില്ലാത്ത കൃസ്തുവിനും അദ്ദേഹ ത്തിന്റെ അനുയായികളെന്ന് അവകാശപ്പെടുന്നവർക്കും ഈ ലക്ഷണം എങ്ങനെ ബാധകമാകുമെന്നു എന്ന് വ്യക്തമല്ല. ഒരു ജന്മത്തിൽ മരണം സംഭവിച്ചാൽ സ്വയം ഉയിർത്തെഴുന്നേൽ ക്കുന്ന വിവരണം ഹിന്ദുവിശ്വാസങ്ങളിലില്ല. ബലി കഴിച്ച മൃഗം വീണ്ടും ജീവിക്കുകയില്ല. ഒരു ജന്മത്തിൽ മരണം സംഭ വിച്ചാൽ സ്വയം ഉയിർത്തെഴുന്നേൽക്കുവാൻ ഒരൊററ കാരണമേ യുള്ളൂ, കുരശിൽ രക്തം നഷ്ടപ്പെട്ട യേശു അബോധാവസ്ഥ യിലായിരുന്നു. ബോധം തിരിച്ചുകിട്ടിയപ്പോൾ ശവക്കല്ലറ

digitized by www.haindavam.org

യിലെ കല്ലെടുത്തുമാററി, അവിടെ നിൽക്കുന്നത് പന്തികേടാണെന്നറിഞ്ഞ് ഉടനെ ഗലീലിയിലേക്ക് ഓടിപോയി. ഇതല്ലേ യേശു പ്രജാപതിയുടെ യഥാർത്ഥ കഥ.

## 10. യാഗമൃഗത്തിൻെറ മാംസം ഭക്ഷിക്കണം (ശത.ബ്രാ V:1:1:1:2)

ഇപ്രകാരമൊരു വരിതന്നെ ശതപഥബ്രാഹ്മണത്തിലില്ല. പ്രജാപതി ഒരു മൃഗമായിരുന്നില്ല. ഈ ലക്ഷണം യേശുവിനുണ്ടെന്ന് ക്രിസ്തു ശിഷ്യരായവർ തന്നെ ഇവിടെ ആണയിട്ടു പറയുന്നത് അംഗീകരിച്ചാൽ യേശു മൃഗമായിരുന്നു എന്നത് സത്യമാകുന്നു. മൃഗം ഈശ്വരനോ, ദൈവപുത്രനോ ആകുകയില്ല. മൃഗം ദൈവപുത്രനായാൽ മൃഗത്തിൻെറ അനുയായികളും മൃഗങ്ങളായിത്തീരുന്നു. പ്രജാപതിയുടെ രൂപം മൃഗത്തിൻേറതായിരുന്നില്ല. തോലു മുറിക്കാതെ, എല്ലൊടിയാതെ, രക്തം ഒഴുകി, അതിൻെറ മാംസശരീരവും ഭക്ഷിച്ചു കഴിഞ്ഞാൽ പിന്നെ അത് ഉയിർത്തെഴുന്നേൽക്കണം എന്നീ ലക്ഷണങ്ങൾ ഇവിടത്തെ ജനങ്ങൾ വിശ്വസിക്കണമെങ്കിൽ, ഈ ജനങ്ങളും ഡോ. എബ്രഹാം കോശി, ഡോ, ജോസഫ് പടിഞ്ഞാറെക്കര, ഡോ. തോമസ് മാത്യു, കൃസ്ത്യാനികളായ ആചാര്യ സത്യപ്രകാശ് അരവിന്ദാക്ഷമേനോൻ, പ്രേംജിത്ലാൽ എന്നിവരപ്പോലെ പേ പിടിച്ച മൃഗങ്ങളോ, ഭ്രാന്തന്മാരോ ആയിരിക്കണം. നിന്ദ്യവും നീചവുമായ നികൃഷ്ട കർമ്മം ചെയ്യുന്ന ഈ ഭ്രാന്തന്മാർക്ക് സ്ഥലകാലബോധമോ ചിന്തിക്കുവാനുള്ള വിവേചനമോ ഉണ്ടോ? ഇവിടത്തെ ഹിന്ദുവിൻെറ ക്ഷമയും, സഹിഷ്ണതയും, അപ്രകോപിതമായ മനോഭാവവും പരീക്ഷിക്കുകയായിരിക്കും ഇവരുടെ ലക്ഷ്യം. ഹിന്ദുവിൻെറ പ്രജാപതിയാരാണ് എന്നതിനുത്തരം മനസ്സിൽ ഉദിക്കണമെങ്കിൽ ഇതാ സർവ്വലക്ഷണങ്ങളും തികഞ്ഞിരിക്കുന്ന ഹിന്ദുവിൻെ പ്രജാപതിയെ അറിയുക.

വിഷ്ണു-ബ്രഹ്മ-രുദ്ര പ്രജാപതികളാണ് പ്രപഞ്ചം നിറഞ്ഞിരിക്കുന്ന സൃഷ്ടി-സ്ഥിതി-സംഹാരാധിപതികളായി ഹിന്ദു സങ്കൽപ്പിക്കുന്ന പ്രപഞ്ച ചൈതന്യങ്ങൾ. മഹാഭാരതത്തിലെ ശാന്തിപർവ്വതത്തിലെ 334-ാം അദ്ധ്യായത്തിൽ പ്രപഞ്ച ശക്തികൾക്ക് പ്രജാപതി സ്ഥാനം നൽകിയിട്ടുണ്ട

**മനു-ദക്ഷൻ-ഭൃഗു-ധർമ്മൻ - തപൻ-യമൻ-മരീചി - അംഗിരിസ് അത്രി-പുലസ്ത്യൻ-പുലഹൻ-ക്രതു-വസിഷ്ഠൻ-പരമേഷ്ഠി**

digitized by www.haindavam.org

സൂര്യൻ-ചന്ദ്രൻ-കർദമൻ-ക്രോധൻ-വിക്രീതൻ പ്രജാപതികളാണ്. പ്രജാപതി ചൈതന്യത്തിന് ലക്ഷണങ്ങളുണ്ട് ശതപഥ ബ്രാഹ്മണത്തിലെ ഈ വരി വായിക്കുക (1.9.3.10)

ഇമാം ലോകാൻ സാമൂഹ്യ, അഥ ഏഷാഗതി, ഏഷാ പ്രതിഷ്ഠം, ഏവ തപതി, തസ്യ യേ രശ്മയ തേ സുകൃത, അഥ യത്പരം ഭോ: പ്രജാപതിർവാസ: സ്വർഗോ വാ ലോകോ:

ഭൂമിയിൽ പ്രകാശംപരത്തുന്ന, പ്രതിഷ്ഠിക്കുവാൻ സാധിക്കുന്ന, ജ്വലിച്ചുകൊണ്ടിരിക്കുന്ന, പ്രകാശുക്കുന്ന. നന്മകരം നിറഞ്ഞ, പ്രപഞ്ചം നിറഞ്ഞുനിൽക്കുന്ന, ലോകവും സ്വർഗ്ഗവും നിറഞ്ഞുനിൽക്കുന്ന, ചൈതന്യമാണ് ആ പ്രജാപതി.

ഭൂരിതി വൈ പ്രജാപതി ഇമാ അജനയത: (ശതപഥ.ബ്രാ. 11.1.4.11) ഭൂമിയായ ഇതിനെ ജനിപ്പിച്ചത് പ്രജാപതിയാണ്.

സംവത്സര:വൈ പ്രജാപതി:കാലോ, അന്നം, ബ്രഹ്മ, നീഡം, ആത്മ, ഇത്യേവ, ഹി, അഹ: (മൈത്രായണി ഉപ.V|15)

കാലം, അന്നമായ പ്രാണവായു, ബ്രഹ്മ ചൈതന്യം ഈതർ, ആത്മചൈതന്യം ഇവയെല്ലാം പ്രപഞ്ചത്തിൽ നിറഞ്ഞുനിൽക്കുന്നതും, പ്രപഞ്ചത്തിന്റെ അവിഭാജ്യഘടകവുമായതുകൊണ്ട് അതും പ്രജാപതിതന്നെയാണ്.

തം ഇന്ദ്രിയാണി സർവ്വാണി നാനുപശ്യന്തി പഞ്ചധാ: അഹുശൈച്ചനം, കേചിദ് അഗ്നി, കേചിത് ആഹു പ്രജാപതിം (മഹാഭാരതം XII.217.5152)

എല്ലാ ഇന്ദ്രിയങ്ങൾക്കും ആധാരഭൂതവും എന്നാൽ പഞ്ചജ്ഞാനേന്ദ്രിയങ്ങളാൽ ദർശിക്കാൻസാധിക്കാത്തതുമായ പ്രപഞ്ച ചൈതന്യത്തെ പലർ പല വിധത്തിൽ പറയുന്നു. അതിനെത്തന്നെ ചിലർ അഗ്നിയെന്നും ചിലർ പ്രജാപതിയെന്നും പറയുന്നു.

സ:നാഭികമലെ വിഷ്ണോ സ്ഥിതോ ബ്രഹ്മപ്രജാപതി

വിഷ്ണുവിന്റെ നാഭികമലത്തിലാണ് ബ്രഹ്മപ്രജാപതി വസിക്കുന്നത് എന്ന് മാർക്കണ്ഡേയ പുരാണം (LXXX 1,51) പറയുന്നു.

വിഷ്ണുക്രമൈ വൈ പ്രജാപതി ഇമം ലോകമസ്യജത: (ശതപഥ.ബ്രാ.VI.7.4.7) വിഷ്ണു പ്രജാപതിയാണ് സ്വയം സൃഷ്ടിച്ച ഈ ലോകത്തിന്റെ അധിപതി.

ശതപഥബ്രാഹ്മണം (1.6.3.35) പറയുന്നു പ്രജാപതി. വൈ പ്രജാ: സസ്യ ജാസ്യ പർവ്വാണി: സർവ്വ ജീവജാലങ്ങളെയും സൃഷ്ടിച്ചത് പ്രജാപതി തന്നെയാണ്.

digitized by www.haindavam.org

ക്രിസ്തുവിന് അനവധി സഹസ്രാബ്ദങ്ങൾക്ക് മുമ്പ് രചിക്കപ്പെട്ട (ലോകമാനവസമൂഹത്തിന്റെ) വിശിഷ്യ ഹിന്ദുവിന്റെ ആദിമഗ്രന്ഥമായ ഋഗ്വേദത്തിൽ പ്രപഞ്ചചൈതന്യമായ പ്രജാപതിയെ ഇപ്രകാരം വിവരിക്കുന്നു.

സഹസ്രശീർഷ, പുരുഷാ, സഹസ്രാക്ഷ . സഹസ്രപാദ് ആയിരക്കണക്കിന് ശിരസും, കണ്ണുകളും പാദവും കൊണ്ട് പ്രപഞ്ചം നിറഞ്ഞു നിൽക്കുന്ന ചൈതന്യമാണ് പുരുഷപ്രജാപതി. വിശ്വതശ്ചക്ഷു ഉത വിശ്വതോമുഖാ വിശ്വതോബാഹു ഉത വിശ്വതസ്പദ്. (വിശ്വം മുഴുവനും കണ്ണുകളും, മുഖങ്ങളും, കൈകളും, പാദങ്ങളും നിറഞ്ഞുനിൽക്കുന്നതാണീ രൂപം)

ചന്ദ്രമാ മനസോ ജാത: ചക്ഷോ സൂര്യോ അജായത:

ചന്ദ്രഗോളം മനസ്സും സൂര്യൻ ചക്ഷുസുമായി വർത്തിക്കുന്നു, പ്രജാപതിക്ക്

നാഭ്യാം ആസീദ് യദന്തരീക്ഷം പ്രപഞ്ചപുരുഷന്റെ നാഭിയിൽ നിന്നാണ് അന്തരീക്ഷം ജനിക്കുന്നത്.

പ്രതിവർഷം ഭാരതത്തിലേക്കൊഴുകുന്ന 4800 കോടി രൂപയുടേയും 50,00 വരുന്ന പാതിരിപ്പടയുടേയും പിൻബലത്തോടെ സമസ്തഹിന്ദുക്കളേയും 2000 ആണ്ടോടെ പള്ളിച്ചട്ടയണിയിക്കാൻ വെമ്പുന്ന ക്രിസ്ത്യാനികളെ! ഇനി പറയൂ നിങ്ങളുടെ പ്രജാപതിക്ക് കള്ള ലക്ഷണങ്ങളല്ലാതെ ഭാരതീയ ഹിന്ദുപ്രജാപതിയുടെ ലക്ഷണങ്ങളുണ്ടോ...?

യേശുവിന് പ്രപഞ്ചപുരുഷരൂപമുണ്ടോ? പ്രപഞ്ചം നിറഞ്ഞുനിൽക്കുന്നുണ്ടോ? കണ്ണുകൾ സൂര്യനായിരുന്നുവോ? ആയിരക്കണക്കിന് തലയും, കണ്ണും, കൈയ്യും, പാദവുമുണ്ടായിരുന്നോ? ലോകം സൃഷ്ടിച്ചത് അയാളാണോ? താമരയിലാണോ വസിക്കുന്നത്? ജ്വലിച്ചുകൊണ്ടോ പ്രകാശിച്ചുകൊണ്ടോ ഇരുന്നത്? ഇയാളെ അഗ്നിയെന്നു വിളിച്ചിരുന്നോ?

ബലിമൃഗത്തിനു പോലും ഉള്ള ലക്ഷണങ്ങൾ യേശുവിനില്ല. സ്ത്രീപുരുഷ സംയോഗമില്ലാതെ ഒരു മൃഗവും ജനിക്കില്ല. കള്ളവും ചതിയും വഞ്ചനയും ജീവിതചര്യയായി ലോകമെമ്പാടും സ്വീകരിച്ചവരുടെ ഇടയൻ എന്ന സമ്പൂർണ്ണ ലക്ഷണമൊഴികെ മറ്റൊരു ലക്ഷവും ഇവർക്കില്ല എന്ന സത്യം പറയട്ടെ!

**ജനറൽ കൺവീനർ ഹിന്ദു ഐക്യവേദി, തിരുവനന്തപുരം-35**

**സംഭാവനവില - 2 രൂപ**

digitized by www.haindavam.org